1
WEDNESDAY
MAY 2019

# ദുബായ് വാർത്ത

www.dubaivartha.com

A WHATSAPP NEWS PAPER



# 10 വർഷത്തെ ലോങ്ങ് ടേം വിസ ഒരുക്കി യു.എ.ഇ






ഇൻവെസ്റ്റർ വിസ, ബിസിനസ് വിസ, ഇന്നോവേറ്റർ വിസ എന്നിവ ഇനി അഞ്ചു വർഷത്തേക്കും പത്ത് വർഷത്തേക്കും ലഭിക്കാനായിട്ടുള്ള അപേക്ഷകൾ യു.എ.ഇ സ്വീകരിച്ചു തുടങ്ങും.

# മഹാരാഷ്ട്രയിൽ സുരക്ഷാ സൈനികർക്ക് നേരെ മാവോവാദി ആക്രമണം

## 15 സൈനികർക്ക് വീരമൃത്യു





15 സുരക്ഷാഭടൻമാരും വാഹനത്തിന്റെ ഡ്രൈവറുമാണ് മരിച്ചത്. സുരക്ഷാഭടൻമാർ സഞ്ചരിച്ച വാഹനം കുഴിബോംബ് സ്ഫോടനത്തിലൂടെ മാവോയിസ്റ്റുകൾ തകർത്തു.സ്ഥലത്ത് ഏറ്റുമുട്ടൽ തുടരുകയാണ്. ഗുരുതരമായ സുരക്ഷാ വീഴ്ചയാണ് ഉണ്ടായതെന്നാണ് പ്രാഥമിക നിഗമനം.

# തൊഴിൽ ഉറപ്പ് വരുത്താനുള്ള വെബ്സൈറ്റ് അബുദാബി ആരംഭിച്ചു.




ജോലി അന്വേഷിക്കുന്നവർക്ക് ആശ്വാസമായി അബുദാബിയുടെ **www.jobs.tamm.abudhabi** വെബ്സൈറ്റ് ആരംഭിച്ചു.അപേക്ഷകർക്ക് സി.വി അപ്‌ലോഡ് ചെയ്തു താല്പര്യമുള്ള ജോബ് പ്രൊഫൈൽ തേടാനുള്ള സംവിധാനം വെബ്സൈറ്റിൽ ഒരുക്കിയിട്ടുണ്ട്

# ശ്രീലങ്കയിൽ ഭീകരാക്രമണം നടത്തിയവരുടെ അടുത്ത ലക്ഷ്യം കൊച്ചിയെന്ന് രഹസ്യാന്വേഷണ വിഭാഗത്തിന്റെ മുന്നറിയിപ്പ്.



ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആകമാനം സുരക്ഷ ശക്തമാക്കുന്നു. സംസ്ഥാനത്തെ സുരക്ഷാ വിഭാഗങ്ങളുടെ കാര്യക്ഷമത പരീക്ഷിക്കുന്നതിനായി നാഷണൽ സെക്യൂരിറ്റി ഗാർഡിന്റെ പ്രത്യേക സംഘം കേരളത്തിലെത്തി. എൻഎസ്ജിയുടെ 150 അംഗ സംഘമാണ് കൊച്ചിയിലെത്തിയത്.

# ഇന്ത്യയിൽ ബുർഖ നിരോധിക്കണമെന്ന് ശിവസേന.



ഭീകരാക്രമണത്തിനു ശേഷം കഴിഞ്ഞ ദിവസം ശ്രീലങ്കയിൽ ബുർഖ ധരിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് മുഖം മറയ്ക്കുന്ന വിധത്തിലുള്ള ബുർഖസുരക്ഷയ്ക്ക് ഭീഷണിയാകുമെന്നതിനാലുമാണ് ശിവസേന ഇതാവശ്യപ്പെട്ടത്.

# യുഎ ഇയിൽ സൈബർ അറ്റാക്ക് കൂടുന്നു.

**കഴിഞ്ഞ 3 മാസത്തിനിടയിൽ ഒരു മില്യൺ അറ്റാക്ക് !!**




മൊബൈൽ വഴി സുപ്രധാന ഡാറ്റ ഷെയർ ചെയ്യരുതെന്ന് വിദഗ്ദ്ധരുടെ ഉപദേശം. പല ജീവനക്കാരും വേണ്ട വിധത്തിൽ IT ഉപയോഗിക്കുന്നില്ലെന്ന് നിരീക്ഷണം.

# മോദിയോട് തോൽക്കുമെന്നു പേടിക്കുന്ന നാൾ ഞാൻ മുറിക്കുള്ളിൽ അടച്ചിരിക്കും; പ്രിയങ്ക.



നരേന്ദ്രമോദിക്കെതിരെ തോൽക്കുമെന്ന് ഒരിക്കലും ഭയപ്പെട്ടിരുന്നില്ല വാരണാസിയിൽ മത്സരിക്കാത്തതിനെക്കുറിച്ച് ദേശീയമാധ്യമത്തോട് സംസാരിക്കുകയായിരുന്നു പ്രിയങ്ക.

# കള്ളവോട്ടു ചെയ്ത ലീഗ് പ്രവർത്തകരെ തിരിച്ചറിഞ്ഞു; നാളെ ഹാജരാകാൻ നോട്ടിസ്.



കാസർകോട് മണ്ഡലത്തിലെ പുതിയങ്ങാടിയിൽ ലീഗ് പ്രവർത്തകർ കള്ളവോട്ട് ചെയ്തെന്ന പരാതിയിൽ രണ്ടു പേരെ തിരിച്ചറിഞ്ഞു.

# എ.സി. ഓൺ ചെയ്ത് ഉറങ്ങി;
## കൊച്ചുകുഞ്ഞടക്കം 5 പേർക്ക് ദാരുണാന്ത്യം



എസിയിലെ ഷോർട്ട് സർക്യൂട്ടു മൂലം വീടിനു തീപിടിച്ച് ആറുമാസം പ്രായമുള്ള കുട്ടിയടക്കം ഒരു കുടുംബത്തിലെ 5 പേർ എരിഞ്ഞടങ്ങി. ഉത്തർ പ്രദേശിലെ രാം വിഹാറിലാണ് സംഭവം.

# ഏപ്രിൽ മാസത്തിൽ കെഎസ്ആർടിസിക്ക് റെക്കോർഡ് വരുമാനം; ലഭിച്ചത് 189.84 കോടി രൂപ



യാത്രക്കാർക്ക് സൗകര്യപ്രദമായ രീതിയിൽ ഷെഡ്യൂളുകളും ബസ്സുകളും അറേഞ്ച് ചെയ്തു നൽകിയും ജനോപകാര പ്രദമായി സർവീസുകൾ നടത്താനാണ് കോർപ്പറേഷന്റെ തീരുമാനം. നിലവിലെ പ്രത്യേക സാഹചര്യത്തിൽ കർണാടകയിലേക്ക് കൂടുതൽ അന്തർ സംസ്ഥാന സർവീസുകൾ നടത്താനുള്ള നടപടി ക്രമങ്ങളും പൂർത്തിയായി വരികയാണ്.

ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER


# യുഎഇയിൽ പൂവാലശല്യത്തിന് കനത്ത പിഴയും ജയിലും.





സ്ത്രീകളെ ദീർഘ നേരം സൂക്ഷിച്ചു നോക്കിയാൽ ശിക്ഷയ്ക്ക് വിധേയമാകും. വസ്ത്രം, ശരീരം എന്നിവയെക്കുറിച്ച് കമന്റടിച്ചാലും ഫോൺ നമ്പർ കൈമാറിയാലും ശിക്ഷ.

# വടകരയിൽ 60 ബൂത്തിൽ കള്ളവോട്ട്; തിരഞ്ഞെടുപ്പു കമ്മീഷനെ സമീപിക്കുമെന്ന് മുരളീധരൻ.



പ്രശ്നബാധിത ബൂത്തുകളായി കണ്ട് നടപടിയെടുക്കണമെന്നു കോടതി നിർദേശിച്ചിട്ടും അതു ചെയ്യാതിരുന്നതിന്റെ പേരിൽ ബന്ധപ്പെട്ടവർക്കെതിരെ കോടതിയലക്ഷ്യ നടപടി എടുക്കുമെന്നും മുരളീധരൻ അറിയിച്ചു.

# നടിയെ ആക്രമിച്ച് കേസ്;

## ദിലീപിന്റെ ഹർജി ഇന്ന് വീണ്ടും പരിഗണിക്കും



ദൃശ്യങ്ങളുടെ പകർപ്പ് ആവശ്യപ്പെട്ടാണ് ദിലീപ് സുപ്രീം കോടതിയെ സമീപിച്ചത്. കുറ്റാരോപിതന്റെ ഹർജ്ജി തള്ളണമെന്നും കുറ്റം ചുമത്തുന്നത് വൈകുന്ന സാഹചര്യം ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ഇന്ന് ആവശ്യപ്പെടും

LuLu
HYPERMARKETS | SUPERMARKETS | DEPARTMENT STORES
Where the world comes to shop

# ലുലുവിൽ ഇപ്പോൾ



# മാമ്പഴമേള

## 14 രാജ്യങ്ങളിലെ വ്യത്യസ്ത മാങ്ങയിനങ്ങൾ ഇപ്പോൾ ഒരുമിച്ചുകാണാം, വാങ്ങാം, കഴിക്കാം മാങ്ങ കൊണ്ടുള്ള പുതു പുത്തൻ വിഭവങ്ങളും ലുലുവിൽ നിരന്നു.






**ഏഴു ദിവസം നീണ്ടു നില്ക്കുന്ന മാങ്ങ ഫെസ്റ്റിവൽ മെയ് 7 ന് അവസാനിക്കും**